**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. **163** — **04.11. 2019-** ൽ മറുപടിക്ക്

**നവകേരള നിർമ്മാണത്തിനായി വികസന പങ്കാളി സംഗമം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ. ബാബു<br>,, ജോർജ്ജ് എം. തോമസ്<br>,, പി.വി. അൻവർ<br>,, ആന്റണി ജോൺ : | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | നവകേരള നിർമ്മാണത്തിനായി വിവിധ മേഖലകളിലെ അനുകരണീയ മാതൃകകളുടെ അടിസ്ഥാനത്തിൽ സമഗ്ര വികസന പദ്ധതിയ്ക്ക് അടിത്തറയേകാനായി നടത്തിയ രാജ്യാന്തര വികസന പങ്കാളി സംഗമത്തിൽ ഉരുത്തിരിഞ്ഞു വന്ന പ്രധാന ആശയങ്ങൾ വിശദമാക്കാമോ; | (എ) | നവകേരള നിർമ്മാണം എന്ന ലക്ഷ്യം സാധ്യമാക്കുന്നതിന് സാമ്പത്തിക-സാങ്കേതിക മേഖലയിലുൾപ്പെടെ ബഹുമുഖവും സമഗ്രവുമായ സഹായ സഹകരണങ്ങൾ വാഗ്ദാനം ചെയ്തുകൊണ്ട് ലോകബാങ്ക് സംസ്ഥാനത്തെ ഒരു വികസന പങ്കാളിയായി പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>സ്ഥാപനതല പരിഷ്കരണങ്ങളും ശേഷി വർദ്ധിപ്പിക്കലും, തദ്ദേശ സ്വയംഭരണം, ജനകേന്ദ്രീകൃത വികസനം, മാലിന്യ സംസ്കരണം,അതിജീവനക്ഷമത, ജലവിഭവം,ജലവിതരണം, പരിസ്ഥിതി സൗഹൃദ വികസനം, തുടങ്ങിയ വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതിന്റെ ആവശ്യകത വികസന സംഗമത്തിൽ ചർച്ചാ വിഷയമായി.<br><br>നഗര സമ്പദ്‌വ്യവസ്ഥ, ടൂറിസം, പ്രവാസി നിക്ഷേപം എന്നിവ നവകേരളത്തിന്റെ വളർച്ചയ്ക്ക് വളരെയധികം പ്രയോജനപ്പെടുത്താനാകുമെന്ന അഭിപ്രായവും വികസന സംഗമത്തിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇതിനു പുറമേ, JICA, ADB, KfW എന്നിവയടക്കമുള്ള സ്ഥാപനങ്ങൾ 'കേരള പുനർനിർമ്മാണ വികസന പരിപാടി' യെ സ്വാഗതം ചെയ്യുകയും, പദ്ധതിയുടെ ഭാഗമാകുന്നതിന് താല്പര്യം പ്രകടിപ്പിക്കുകയും ചെയ്തു.<br><br>ഇത്തരത്തിൽ നവ കേരളം, കെട്ടിപ്പടുക്കുന്നതിന് വേണ്ട ബഹുതലസ്പർശിയായ ആശയങ്ങളും നിർദേശങ്ങളും, സഹായ സഹകരണവാഗ്ദാനങ്ങളും വികസനപങ്കാളി സംഗമത്തിൽ നിന്നും ഉരുത്തിരിഞ്ഞു വന്നിട്ടുണ്ട്. |
| (ബി) | ലോകബാങ്ക് സംസ്ഥാനത്തെ ഒരു വികസന പങ്കാളിയായി അംഗീകരിച്ചുകൊണ്ട് നൽകി വരുന്ന സഹായം എന്തെല്ലാമാണ്; മറ്റ്അന്താരാഷ്ട്ര ഏജൻസികളുമായി പുനർനിർമ്മാണത്തിനു വേണ്ട സഹായം സംബന്ധിച്ച് ആശയവിനിമയം നടത്തിയിട്ടുണ്ടോ; പുനർനിർമ്മാണ പ്രവർത്തനത്തിന് കേന്ദ്രസർക്കാരിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ; | (ബി) | സംസ്ഥാനവുമായുള്ള വികസന പങ്കാളിത്തത്തിന്റെ അടിസ്ഥാനത്തിൽ അതിജീവനക്ഷമമായ പുനർ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ലോകബാങ്ക്, വികസന നയ വായ്പ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ ഗഡുവായ 1779.58 കോടി രൂപ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. പദ്ധതി കേന്ദ്രീകൃതമായ ധനസമാഹരണ സഹായങ്ങൾക്കുപരിയായി, സ്ഥാപനതല കാര്യശേഷി വർധിപ്പിക്കുന്നതിനടക്കമുള്ള, സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനുതകുന്ന ദീർഘകാലാടിസ്ഥാനത്തിലുള്ള സഹകരണമാണ് വികസനപങ്കാളിത്തം ലക്ഷ്യം വയ്ക്കുന്നത്.<br><br>ഇതിനു പുറമേ, ADB യിൽ നിന്നും 250 മില്യൺ ഡോളർ വായ്പ സമാഹരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ജർമൻ ബാങ്കായ KfW ൽ നിന്ന് 170 മില്യൺ യൂറോ വായ്പ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട കരാർ ഒപ്പ് വയ്ക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.<br><br>പ്രളയത്തെ തുടർന്ന് ദേശീയ ദുരന്ത പ്രതികരണനിധിയിൽ നിന്ന് 2904.85 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സാമ്പത്തിക സഹായത്തോടൊപ്പം ഉചിതമായ സാങ്കേതികവിദ്യയുടെ ലഭ്യതയ്ക്കും മറ്റ് സാങ്കേതിക സഹായത്തിനും നടത്തി വരുന്ന ശ്രമം വിശദമാക്കാമോ? | (സി) | മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം നെതർലാൻഡ്സ് സന്ദർശിച്ച് പ്രളയ ദുരന്ത ലഘൂകരണത്തിന് അവലംബിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വിലയിരുത്തിയതിൽ നിന്നും 'റിവർ ട്രെയിനിംഗ്', 'റൂം ഫോർ റിവർ' മുതലായ സാങ്കേതിക മാതൃകകൾ കുട്ടനാട് പോലുള്ള പ്രദേശങ്ങളിൽ പ്രവർത്തികമാക്കുന്നത് സംബന്ധിച്ച പഠനങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ